# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഒക്ടോബർ 12<br>October 12 | 2018 |
|---|---|

*1193 കന്നി 26 വെള്ളി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

---

**റിസോഴ്സ് അധ്യാപകരുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കൈപ്പുസ്തകം**

സമഗ്രശിക്ഷാ അഭിയാൻ ജില്ലയിൽ ഈ വർഷം സ്കൂളുകളിലേക്ക് നിയമിച്ച 108 റിസോഴ്സ് അധ്യാപകരുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും മോണിട്ടറിംഗ് കാര്യക്ഷമമാക്കാനുമായി സംസ്ഥാനതലത്തിൽ തയാറാക്കിയ കൈപ്പുസ്കത്തിന്റെ പ്രകാശനം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ പി.എ.ശാന്തമ്മ നിർവഹിച്ചു. തിരുവല്ല ബി.ആർ.സിയിൽ നടന്ന റിസോഴ്സ് അധ്യാപകരുടെ ഏകദിന ആസൂത്രണ അവലോകന യോഗത്തിലാണ് പുസ്തകത്തിന്റെ പ്രകാശനം നടന്നത്.

വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് സേവനം നൽകുന്നതിനായാണ് റിസോഴ്സ് അധ്യാപകരെ നിയമിച്ചിരിക്കുന്നത്. രണ്ട് സ്കൂളുകളിലായാണ് റിസോഴ്സ് അധ്യാപകർ പ്രവർത്തിക്കേണ്ടത്. ആഴ്ചയിലൊരുദിവസം ശയ്യാവലംബികളായ കുട്ടികൾക്കും അവരെ പരിചരിക്കുന്നവർക്കും വീട്ടിൽ എത്തി ആവശ്യമായ പരിശീലനം നൽകുന്നു. ഇതുകൂടാതെ ഒഴിവു സമയങ്ങളിൽ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പരിഹാര ബോധന പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നു. കൈപ്പുസ്തകം ലഭിച്ചതോടെ അവരുടെ പ്രവർത്തനങ്ങൾ ചിട്ടപ്പെടുത്താനും വിദ്യാഭ്യാസ ഓഫീസർമാർക്ക് മോണിട്ടറിംഗ് ഫലപ്രദമാക്കാനും സാധിക്കും.

ജില്ലാ പ്രോഗ്രാം ഓഫീസർ എ.പി.ജയലക്ഷ്മി, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരായ പി.ആർ.പ്രസീന, ബി.ആർ.അനില, ബ്ലോക്ക് പ്രോഗ്രാം ഓഫീസർമാരായ ടി.പി.രാധാകൃഷ്ണൻ, കെ.രവികുമാർ, ആർ.രാഗേഷ്, എ.കെ പ്രകാശ് എന്നിവർ

പങ്കെടുത്തു. ഡിസ്ട്രിക്ട് റിസോഴ്സ് യൂണിറ്റിന്റെ ചാര്‍ജ് വഹിക്കുന്ന ഡയറ്റ് ഫാക്കല്‍റ്റി മേഴ്സി ചര്‍ച്ചകള്‍ക്ക് നേതൃത്വം നല്‍കി. (പിഎന്‍പി 3347/18)

## രാത്രികാല മൃഗചികിത്സാ സേവനം വെറ്ററിനറി ഡോക്ടര്‍മാരെ നിയമിക്കുന്നു

ജില്ലയിലെ വിവിധ ബ്ലോക്കുകളില്‍ രാത്രികാല മൃഗചികിത്സാ സേവനം നല്‍കുന്നതിനായി വെറ്ററിനറി കൗണ്‍സിലില്‍ രജിസ്റ്റര്‍ ചെയ്തിട്ടുള്ള തൊഴില്‍രഹിതരായ വെറ്ററിനറി സയന്‍സ് ബിരുദധാരികളില്‍ നിന്നും അപേക്ഷ ക്ഷണിച്ചു. ഇവരുടെ അഭാവത്തില്‍ വിരമിച്ച വെറ്ററിനറി ഡോക്ടര്‍മാരെയും പരിഗണിക്കും. താത്പര്യമുള്ളവര്‍ ഈ മാസം 16ന് രാവിലെ 11ന് പത്തനംതിട്ട മിനിസിവില്‍ സ്റ്റേഷനില്‍ പ്രവര്‍ത്തിക്കുന്ന ജില്ലാ മൃഗസംരക്ഷണ ഓഫീസില്‍ കൂടിക്കാഴ്ചയ്ക്ക് അസല്‍ സര്‍ട്ടിഫിക്കറ്റുകളുമായി എത്തണം. 179 ദിവസത്തേക്ക് കരാര്‍ അടിസ്ഥാനത്തിലാണ് നിയമനം. ഫോണ്‍: 0468 2322762.

(പിഎന്‍പി 3348/18)

## സംസ്കൃത അധ്യാപകര്‍ക്കുള്ള ശില്പശാല

പത്തനംതിട്ട, തിരുവല്ല വിദ്യാഭ്യാസ ജില്ലകളിലെ അക്കാദമിക കൗണ്‍സിലുകളുടെ ആഭിമുഖ്യത്തില്‍ ഈ മാസം 24നും 25നും സംസ്കൃത അധ്യാപകര്‍ക്ക് പന്തളം ബിആര്‍സിയില്‍ ശില്പശാല നടക്കും. ജില്ലയിലെ യു.പി, ഹൈസ്കൂള്‍ വിഭാഗത്തിലുള്ള എല്ലാ സംസ്കൃത അധ്യാപകരും ശില്പശാലയില്‍ പങ്കെടുക്കണമെന്ന് വിദ്യാഭ്യാസ ഉപഡയറക്ടര്‍ അറിയിച്ചു.

(പിഎന്‍പി 3349/18)

## ടെന്‍ഡര്‍ നല്‍കാം

ശബരിമല സാനിട്ടേഷന്‍ സൊസൈറ്റിയുടെ ഉപയോഗത്തിലേക്ക് ലേസര്‍ പ്രിന്ററുകള്‍ സപ്ലൈ ചെയ്യുന്നതിന് ടെന്‍ഡര്‍ നല്‍കാം. ടെന്‍ഡറുകള്‍ പത്തനംതിട്ട കളക്ടറേറ്റിലുള്ള ദുരന്തനിവാരണ വിഭാഗത്തില്‍ ഈ മാസം 20ന് ഉച്ചയ്ക്ക് 12 സ്വീകരിക്കും. ഫോണ്‍: 0468 2322515. (പിഎന്‍പി 3350/18)

## മുതിര്‍ന്നപൗരന്മാരുടെ സംഗമം നടത്തി

തുമ്പമണ്‍ ഗ്രാമപഞ്ചായത്ത്, കമ്മ്യൂണിറ്റി ഹെല്‍ത്ത് സെന്റര്‍ എന്നിവയുടെ ആഭിമുഖ്യത്തില്‍ തുമ്പമണ്‍ സാംസ്കാരിക നിലയത്തില്‍ മുതിര്‍ന്ന പൗരന്മാരുടെ സംഗമം നടത്തി. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സഖറിയാ വര്‍ഗീസ് ഉദ്ഘാടനം ചെയ്തു. മൈത്രി റസിഡന്‍സ് അസോസിയേഷന്‍ പ്രസിഡന്റ് ബെഹനാന്റെ അധ്യക്ഷതയില്‍ നടന്ന ചടങ്ങില്‍ ഗ്രാമപഞ്ചായത്ത് വൈസ്പ്രസിഡന്റ് അനിത മധു, സ്ഥിരം സമിതി അംഗം അഡ്വ.രാജേഷ്, അംഗങ്ങളായ സുരേന്ദ്രന്‍, തോമസ് വര്‍ഗീസ് എന്നിവര്‍ സംസാരിച്ചു. മെഡിക്കല്‍ ഓഫീസര്‍ ഡോ.ശ്രീകല, കൗണ്‍സിലര്‍ ഷിബു ജോസഫ് തുടങ്ങിയവര്‍ ക്ലാസ് നയിച്ചു.

(പിഎന്‍പി 3351/18)

## പനച്ചേരിമുക്ക് കുറിയന്നൂര്‍ ഹൈസ്കൂള്‍ പടി റോഡ് നിര്‍മാണത്തിന് ഇരുപത്തിരണ്ട് ലക്ഷം രൂപ അനുവദിച്ചു

തോട്ടപ്പുഴശ്ശേരി പഞ്ചായത്തിലെ പനച്ചേരിമുക്ക് കുറിയന്നൂര്‍ ഹൈസ്കൂള്‍ പടി റോഡ് അവസാനഘട്ട നിര്‍മാണങ്ങള്‍ക്ക് 22ലക്ഷം രൂപ ജില്ലാ പഞ്ചായത്ത് അനുവദിച്ചു. ആകെ അന്‍പത്തിരണ്ട്ലക്ഷം രൂപ ഉപയോഗിച്ചാണ് ജില്ലാ പഞ്ചായത്ത് റോഡ് നിര്‍മാണം നടപ്പാക്കുന്നത്. കഴിഞ്ഞ വര്‍ഷം മുപ്പത്ലക്ഷം രൂപ ചിലവഴിച്ച് റോഡ് ഗതാഗതയോഗ്യമാക്കിയിരുന്നു. ഇതിന്റെ തുടര്‍ച്ചയായാണ് ഇരുപത്തിരണ്ട് ലക്ഷം രൂപയുടെ പദ്ധതി രണ്ടാം ഘട്ടത്തില്‍ നടപ്പാക്കുന്നതെന്ന് ജില്ലാ പഞ്ചായത്ത് അധികൃതര്‍ പറഞ്ഞു. പഞ്ചായത്തിലെ ആറ്, ഏഴ് വാര്‍ഡുകളിലൂടെ കടന്ന് പോകുന്ന പ്രധാന റോഡാണിത്. പമ്പാനദിക്കും പ്രമാടത്തുപാറയ്ക്കും സമാ

ന്തരമായ റോഡിൽ കനത്ത് മഴയിൽ വെള്ളം കെട്ടി നിൽക്കുന്നത് പതിവായതും റോഡ് തകരുന്നതിനും ഇത് കാരണമാകും. ഇത് ഒഴിവാക്കുന്നതിനായി റോഡ് സംരക്ഷിക്കുന്നതിനുമായി ഐെറിഷ് ഓടകൾ നിർമ്മിക്കുന്നതിനും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ചപ്പാത്തുകളുണ്ടെങ്കിലും വെള്ളം ഒഴുകി പോകുന്നതിനും തടസം നേരിടുന്നുണ്ട്. നെടുമ്പ്രയാർ കവലയിൽ നിന്നും തോണിപ്പുഴയിലെത്താതെ കുറിയന്നൂർ പുളിമുക്ക് അരുവിക്കുഴി ഇടയ്ക്കാട് മാർക്കറ്റ് എന്നിവിടങ്ങളിലേക്ക് എത്തുന്നതിനുള്ള എളുപ്പമാർഗമാണിത്. റോഡ് പൂർത്തിയാകുന്നതിലൂടെ രണ്ട് കിലോമീറ്ററോളം ഇതുവഴി ലാഭിക്കാമെന്ന് അധികൃതർ പറഞ്ഞു. രണ്ടാംഘട്ട വികസന പദ്ധതികളുടെ ടെൻഡർ നടപടി പൂർത്തിയാക്കിയതായും പണികൾ ഉടൻ ആരംഭിച്ച് റോഡ് ജനങ്ങൾക്ക് സഞ്ചാരയോഗ്യമാക്കുമെന്നും അധികൃതർ പറഞ്ഞു.

(പിഎൻപി 3352/18)

## വടശ്ശേരിക്കര പഞ്ചായത്ത് ഓഫീസിന്റെയും കമ്യൂണിറ്റി ഹാളിന്റെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു

വടശ്ശേരിക്കര പഞ്ചായത്ത് ഓഫീസിന്റെയും കമ്യൂണിറ്റി ഹാളിന്റെയും നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. കാലങ്ങളായി നവീകരിക്കാതെ കിടന്ന പഞ്ചായത്ത് കെട്ടിടത്തിൽ കേടുപാടുകൾ ഉണ്ടായതിനെ തുടർന്നാണ് നവീകരണപ്രവർത്തനങ്ങൾ ആരംഭിച്ചത്. രണ്ട് നില കെട്ടിടത്തിലാണ് നിലവിൽ ഓഫീസ് പ്രവർത്തിക്കുന്നത്. നിലവിലുള്ള ഹാൾ കെട്ടിമറിച്ച് ഓഡിറ്റോറിയമാക്കി ഉപയോഗിക്കും. ഓഡിറ്റോറിയത്തിൽ എത്താൻ ചവിട്ടുപടികൾ നിർമിക്കും. പഞ്ചായത്തിൽ എത്തുന്ന പൊതുജനങ്ങൾക്ക് കൂടുതൽ സൗകര്യമുണ്ടാക്കി ഫ്രണ്ട് ഓഫീസ് ആധുനിക സംവിധാനങ്ങളോടെ നവീകരിക്കും. ഗവൺമെന്റ് എൽപി സ്കൂളിന്റെ പഴയ കെട്ടിടം നവീകരിച്ചാണ് കമ്യൂണിറ്റി ഹാൾ നിർമിച്ചിട്ടുള്ളത്. കമ്യൂണിറ്റി ഹാൾ നവീകരിച്ച് കൂടുതൽ സൗകര്യങ്ങളൊരുക്കും. കൂടാതെ ഓഫീസ് ആവശ്യങ്ങൾക്കും പൊതുജനങ്ങൾക്കും വേണ്ടി പബ്ലിക് ടോയ്‌ലറ്റും നിർമിക്കുന്നുണ്ട്. പഞ്ചായത്ത് 50 ലക്ഷം രൂപ ചിലവഴിച്ചാണ് നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. (പിഎൻപി 3353/18)

## ദുരിതാശ്വാസനിധിയിലേക്ക് കൊടുമൺ എസ്എൻഡിപി ശാഖ 65000 രൂപ നൽകി

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് കൊടുമൺ അങ്ങാടിക്കൽ തെക്ക് എസ്എൻഡിപി 171-ാം നമ്പർ ശാഖയിലെ അംഗങ്ങൾ സമാഹരിച്ച 65000 രൂപ ജില്ലാകളക്ടർ പി.ബി നൂഹിന് കൈമാറി. ശാഖ പ്രസിഡന്റ് വി.ആർ ജിതേഷ്കുമാർ, വൈസ്പ്രസിഡന്റ് കെ.പി മദനൻ, എസ്.എൻ.വി ഹയർസെക്കണ്ടറി സ്കൂൾ മാനേജർ കെ.ഉദയൻ, മറ്റ് ഭാരവാഹികൾ എന്നിവർ സന്നിഹിതരായിരുന്നു. (പിഎൻപി 3354/18)

## യുവജനകമ്മിഷൻ ഇടപെട്ടു, വിദ്യാർത്ഥിക്ക് നീതി

സംസ്ഥാന യുവജന കമ്മിഷൻ ഇടപെടലിലൂടെ ബിരുദ വിദ്യാർത്ഥിക്ക് നീതി. കോന്നി എൻഎസ് എസ് കോളേജിലെ വിദ്യാർത്ഥിയായിരുന്ന പത്തനാംപുരം സ്വദേശി എ.ശരത്കുമാറിന് യുവജനകമ്മിഷന്റെ ഇടപെടലിലൂടെ സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കും. 2015 ലാണ് ബിരുദ പഠനത്തിനായി ശരത്കുമാർ ഈ കോളേജിൽ പ്രവേശനം നേടിയത്. എന്നാൽ രണ്ട് വർഷത്തിന് ശേഷം പഠനം അവസാനിപ്പിച്ചു. പിന്നീട് ജോലിയുടെ ആവശ്യത്തിനായി കോളേജിൽ സമർപ്പിച്ച പത്ത്, പ്ലസ് ടു സർട്ടിഫിക്കറ്റുകൾ തിരികെ ലഭിക്കുന്നതിന് കോളേജുമായി ബന്ധപ്പെട്ടെങ്കിലും ഫീസ് അടച്ചെങ്കിൽ മാത്രമേ സർട്ടിഫിക്കറ്റുകൾ തിരികെ നൽകുവെന്ന നിലപാടാണ് കോളേജ് അധികൃതർ സ്വീകരിച്ചത്. അധികൃതരിൽ നിന്ന് നീതി ലഭിക്കാത്ത സാഹചര്യത്തിലാണ് ശരത്കുമാർ യുവജനകമ്മിഷന് മുമ്പാകെ പരാതി സമർപ്പിച്ചത്. പരാതി പരിഗണിച്ച് കമ്മിഷൻ പഠിച്ചകാലയളവിലെ ഫീസ് പൂർണമായി നൽകുമ്പോൾ സർട്ടിഫിക്കറ്റുകൾ

മടക്കി നൽകണമെന്ന് കോളേജ് അധികൃതരെ അറിയിച്ചു.

പത്തനംതിട്ട സർക്കാർ ഗസ്റ്റ്ഹൗസിൽ യുവജനകമ്മിഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ അധ്യക്ഷതയിൽ ചേർന്ന അദാലത്തിൽ പതിനാല് കേസുകൾ പരിഗണിച്ചതിൽ എട്ട് കേസുകൾ തീർപ്പാക്കി. പതിനൊന്ന് പരാതിക്കാരാണ് ഹാജരായത്. കമ്മിഷൻ അംഗങ്ങളായ കെ.യു ജിനീഷ് കുമാർ, വി.വിനിൽ, കമ്മിഷൻ സെക്രട്ടറി ഡി.സന്തോഷ്കുമാർ, ഫിനാൻസ് ഓഫീസർ ഷീന.സി. കുട്ടപ്പൻ എന്നിവർ പങ്കെടുത്തു.

(പിഎൻപി 3355/18)

**ഫോട്ടോ അടിക്കുറിപ്പ്**

1) സമഗ്ര ശിക്ഷാ അഭിയാൻ തയാറാക്കിയ കൈപ്പുസകം പത്തനംതിട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർ പി.എ.ശാന്തമ്മ പ്രകാശനം ചെയ്യുന്നു.
2) തുമ്പമൺ സാംസ്കാരിക നിലയത്തിൽ നടന്ന മുതിർന്നപൗരന്മാരുടെ സംഗമം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സഖറിയാ വർഗീസ് ഉദ്ഘാടനം ചെയ്യുന്നു.
3) യുവജനകമ്മിഷൻ ചെയർപേഴ്സൺ ചിന്താ ജെറോമിന്റെ അധ്യക്ഷതയിൽ പത്തനംതിട്ട ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ നടന്ന സിറ്റിംഗ്.
4) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് കൊടുമൺ അങ്ങാടിക്കൽ തെക്ക് എസ്എൻഡിപി 171-ാം നമ്പർ ശാഖയിലെ അംഗങ്ങൾ സമാഹരിച്ച തുക ജില്ലാകളക്ടർ പി.ബി നൂഹിന് കൈമാറുന്നു.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.

**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**




SHOT ON REDMI NOTE5 PRO
MI DUAL CAMERA
2018/10/12 10:44



